"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - കൊല്ലം ചാത്തിനാംകുളം എം.എസ്.എം. എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.ടി. ജൂനിയർ (ഫിസിക്സ്) ആയ ശ്രീമതി. പാർവതി കെ.ജി. ഫയൽ ചെയ്ത WP(C)No.22349/2023-നമേൽ ബഹു.ഹൈക്കോടതി 11.07.2023 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.8204/2023/GEDN തീയതി, തിരുവനന്തപുരം, 23-12-2023

പരാമർശം:-

1 ശ്രീമതി പാർവതി കെ.ജി. സമർപ്പിച്ച 26.06.2023-ലെ ഹർജി (Ext P8)

2 WP(C)No.22349/2023-നമേൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 11.07.2023-ലെ വിധിന്യായം

3 വിദ്യാഭ്യാസ ഉപഡയറക്ടറുടെ 16.10.2023-ലെ ഡി.ഡി.ഇ/ബി3/4116/2023 നമ്പർ കത്ത്

4 റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 01.11.2023-ലെ ടി.ആർ.ഒ - 04/3427/2021/ആർ.ഡി.ഡി /എച്ച്.എസ്സ്.ഇ നമ്പർ കത്ത്

5 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02.11.2023-ലെ എസിഡി.ബി3/10386/2023/എച്ച് എസ്.ഇ നമ്പർ കത്ത്

ഉത്തരവ്

കൊല്ലം ചാത്തിനാംകുളം എം.എസ്.എം. എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.ടി. ജൂനിയർ (ഫിസിക്സ്) ശ്രീമതി.പാർവതി കെ.ജി. ഫയൽ ചെയ്ത WP(C)No.22349/2023-നമേൽ ബഹു.ഹൈക്കോടതി 11.07.2023 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഹർജിക്കാരിയെയും 3-ാം എതിർകക്ഷിയായ മാനേജരെയും കേൾക്കുന്നതിനും, Ext P8 (Revision Petition dated 26.06.2023) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും

ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരിയെയും മറ്റ് എതിർകക്ഷികളെയും 02.11.2023 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

2) ഹർജിക്കാരിയായ ശ്രീമതി. പാർവതി കെ.ജി.യുടെ അപേക്ഷ ഇപ്രകാരമാണ് :

1. 29-06-2021-ൽ കൂടിയ സെലക്ഷൻ കമ്മിറ്റി റിപ്പോർട്ടിൽ എച്ച്.എ.സ്.എസ്.ടി. ജൂനിയർ ഫിസിക്സ് തസ്തികയിലേക്ക് എന്നെ തെരഞ്ഞെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർ ട്ടിൽ Nature of vacancy എന്നതിൽ "Regular & approved post fell vacant w.e.f. 01-06-2020 consequent on the up-gradation of H.S.S.T. Jr. (Physics) to H.S.S.T. in the vacancy created by the retirement of the Principal on 31-06-2020" എന്നും രേഖപ്പെടുത്തിയിട്ടുള്ളതിനാൽ (Ext P1) എന്റെ നിയമനം വ്യവസ്ഥാപിതമായ ഒഴിവിൽ നിയമപ്രകാരമാണെന്നു വ്യക്തമാണ്.

2. സെലക്ഷൻ കമ്മിറ്റിയിൽ സർക്കാർ നോമിനിയെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള 17-04-2021-ലെ നം.2583/2021/പൊ.വി. ഉത്തരവിൽ ‘‘നിലവിലെ അധ്യയന വർഷം അവസാനിക്കാറായ സാഹചര്യത്തിൽ മേൽ പരാമർശിച്ച തസ്തികയിലേക്കുള്ള നിയമനങ്ങൾ 2021-22 അധ്യയന വർഷം പ്രാബല്യത്തിൽ നടത്തേണ്ടതാണ്.’’ (Ext P2). ഗവൺമെന്റിന്റെ, മേൽപ്പറഞ്ഞ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 05-07-2021-ൽ നിയമനാംഗീകാരത്തിനായി പ്രൊപ്പോസൽ ആർ.ഡി.ഡി.ക്ക് സമർപ്പിച്ചു. ഞാൻ 05-07-2021-ൽ ജോലിയിൽ പ്രവേശിച്ചതിന് തെളിവായി പ്രിൻസിപ്പൽ 05-07-2021-ൽ Joining Report സമർപ്പിച്ചിട്ടുണ്ട്.

3.ഞാൻ 05-07-2021 മുതൽ ജോലിയിൽ തുടരവേ, 15-11-2021 തീയതി വെച്ച് മറ്റൊരു നിയമന ഉത്തരവ് അയക്കുവാൻ മാനേജർ തയ്യാറായി. പുതിയ നിയമന ഉത്തരവിന്റെ സാഹചര്യം എന്താണെന്ന് ചോദിച്ചപ്പോൾ മാനേജരിൽ നിന്നും അറിയുവാൻ കഴിഞ്ഞത് 2020-21-ൽ Plus One-ന്റെ ക്ലാസ് തുടങ്ങിയത് നവംബർ 15 മുതലാണെന്നും അതിനാൽ പുതിയ നിയമന ഉത്തരവ് വേണമെന്ന് ആർ.ഡി.ഡി. നിർദ്ദേശിച്ചു കൊണ്ടാണങ്ങനെ ചെയ്യുന്നതെന്നുമാണ്.

4.എന്റെ നിയമനത്തിനു വേണ്ടി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ

നോമിനിയെ നിശ്ചയിച്ചുകൊണ്ടുള്ള 29-08-2021-ലെ (Ext P1) ഉത്തരവിൽ ''മേൽ പരാമർശിച്ച തസ്തികയിലേക്കുള്ള നിയമനം 2021-22 അദ്ധ്യയന വർഷം പ്രാബല്യത്തിൽ നടത്തേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതാണ്.

എന്റെ നിയമനം നടന്ന 05-07-2021-ന്റെ തൊട്ടടുത്ത ദിവസം 06-07-2021-ൽ പുറപ്പെടുവിച്ച (സാധാ) നം. 3287/2021/പൊ.വി. ഉത്തരവിൽ ''2021-22 വർഷം എയ്ഡഡ് സ്കൂളുകളിൽ റഗുലർ തസ്തികകളിലുണ്ടാകുന്ന (റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം) തുടങ്ങിയ അധ്യാപക ഒഴിവുകൾ ചട്ടപ്രകാരമുള്ള നിയമന നടപടികൾ പാലിച്ച് 15-07-2021 മുതൽ മാനേജർമാർക്ക് നിയമനം നടത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

5. ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്റെ 05-07-2021 മുതലുള്ള നിയമനം 15-07-2021 ആയി പരിഗണിച്ച് നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം 15-07-2021 തീയതി വെച്ച് നിയമന പ്രപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്. അതിനു പകരം 15-11-2021-ലേക്കു മാറ്റുവാൻ നിർദ്ദേശിച്ചത് അധാർമ്മികവും നിയമവിരുദ്ധവുമാണ്.

6.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും 06-09-2021-ൽ പുറപ്പെടുവിച്ച എച്ച്(2)19500/2019/ഡി.ജി.ഇ. മാർഗ്ഗനിർദ്ദേശ ഉത്തരവിൽ ''പൂർണ്ണ രൂപത്തിൽ ലഭിച്ച പ്രൊപ്പോസലുകൾ 24-09-2021-നകം തീർപ്പ കൽപ്പിക്കേണ്ടതാണ്. എന്നാൽ സാധുവായ കാരണമില്ലാതെ ഒരപേക്ഷ പോലും നിരസിക്കരുത്'' എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശം സ്വീകരിച്ചിരുന്നുവെങ്കിൽ എന്റെ നിയമനത്തിന് 24-09-2021-നു മുൻപ് അംഗീകാരം കിട്ടുമായിരുന്നു. അതിനാൽ എന്റെ നിയമനത്തിന് യഥാസമയം അംഗീകാരം കിട്ടാതിരുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം ആർ.ഡി.ഡി.ക്ക് മാത്രമാണ്. അതിന്റെ പേരിൽ എനിക്ക് കഷ്ടനഷ്ടങ്ങൾ വരാതെ നോക്കേണ്ടത് ഗവൺമെന്റാണ്. അങ്ങനെ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

7. ഒരു വർഷത്തിനു ശേഷം 17-05-2022-ൽ ആർ.ഒ.4/3427/2021/ എച്ച്.എസ്. ഇപ്രകാരം ആർ.ഡി.ഡി. എന്റെ നിയമനാംഗീകാര പ്രപ്പോസൽ രണ്ടു കാരണങ്ങൾ ചൂണ്ടികാണിച്ച് മടക്കുകയുണ്ടായി. അവ :-

(i) കോടതി കേസുകൾ ഒന്നുമില്ലായെന്ന സത്യവാങ്മൂലം ഉള്ളടക്കം ചെയ്തിട്ടില്ല.

ഗവൺമെന്റ് നോമിനിയെ നിയോഗിച്ച കൊണ്ട് 17-04-2021-ലെ (Ext P2) ഉത്തരവിലെ ക്രമനമ്പർ (2)-ൽ ''നിയമനവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരമോ, മറ്റ് പ്രശ്നങ്ങളോ ഇല്ലെന്നും മാനേജർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്'' എന്ന് ഉപമേധാവി (ഹയർ സെക്കൻഡറി വിഭാഗം) അറിയിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും കോടതി കേസുകൾ ഒന്നുമില്ലായെന്ന് സത്യവാങ് മൂലം ഉള്ളടക്കം ചെയ്തിട്ടില്ലായെന്ന കാരണം പറഞ്ഞ് മടക്കിയതിനു ന്യായീകരണമില്ല.

(ii) ശ്രീമതി പ്രിയ എം.ആർ.ന് എച്ച്.എസ്.എസ്.റ്റി. തസ്തികയിൽ നിയമനാംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ശ്രീമതി പാർവതി കെ.ജി.ക്ക് എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികയിൽ നേരിട്ടുള്ള നിയമനം നൽകാൻ കഴിയുകയുള്ളു എന്നാണ്.

(a) 17-04-2021-ലെ (Ext P2) സർക്കാർ ഉത്തരവിൽ നേരിട്ട് നിയമനം നടത്താവുന്നതാണെന്ന് ഉപമേധാവി (ഹയർ സെക്കൻഡറി വിഭാഗം) റിപ്പോർട്ടു ചെയ്തിട്ടുണ്ട് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

(b) ശ്രീമതി. പ്രിയ എം.ആർ.ന്റെ എച്ച്.എസ്.എസ്.റ്റി. ആയിട്ടുള്ള പ്രമോഷൻ പ്രപ്പോസൽ ആർ.ഡി.ഡി.യിൽ അംഗീകാരത്തിനായി കാത്തു കിടപ്പുണ്ട്.

(c) റഗുലർ വേക്കൻസിയിലേയ്ക്ക് പ്രമോഷൻ നൽകുന്നതു മൂലം ഉണ്ടാകുന്ന ഒഴിവിൽ മാനേജർ നടത്തുന്ന നിയമനം, പ്രൊവിഷണൽ ആയി അംഗീകരിക്കാമെന്ന് 04-06-2012-ലെ നം.31075/J2/12/G.Edn ഉത്തരവിൽ നിർദ്ദശിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ എന്റെ നിയമനാംഗീകാര പ്രപ്പോസൽ മടക്കിയതിനു പറഞ്ഞ കാരണങ്ങൾ വസ്തുതാപരമോ നീതിക്കരിക്കത്തക്കതോ, നിയമത്തിന്റെ പിൻബലമോ ഇല്ലാത്തതാണ്.

8. എന്റെ 05-07-2021-ലെ നിയമനാംഗീകാര പ്രപ്പോസൽ ആർ.ഡി.ഡി.യിൽ ഉള്ളപ്പോൾ അതിനു ശേഷം നടത്തിയിട്ടുള്ള ഓടനാവട്ടം പാരിപ്പള്ളി പൊന്നമ്മ മെമ്മോറിയൽ എച്ച്.എസ്.എസ്, തിരുവനന്തപുരം, എം.എം. എച്ച്.എസ്.എസ്. വിളക്കുടി തുടങ്ങിയ സ്കൂളുകളിലെ നേരിട്ടുള്ള നിയമനങ്ങൾക്ക് അംഗീകാരം കൊടുത്തതായി അറിവുകിട്ടിയ കേസ്സുകൾ ചുവടെ ചേർക്കുന്നു;

1) അജി (കോമേഴ്സ് ജൂനിയർ) കെ.ആർ.ജി.പി.എം.എച്ച്.എസ്.എസ്. ഓടനാവട്ടം.

2) ശ്രീജ (ബോട്ടണി - ജൂനിയർ), എൻ.ജി.പി.എം.എച്ച്.എസ്.എസ്. വെഞ്ചേമ്പ്.

3) പി.എം.എച്ച്.എസ്.എസ്. തിരുവനന്തപുരം 4പേർക്ക്.

4) അശ്വതി ബി. പ്രകാശ്, ഗ്രീഷ്മ എസ്.എസ്. അമൃതാ എസ്.എച്ച്. എസ്.എസ്. പാരിപ്പള്ളി.

(ഇവരുടെ നിയമനാംഗീകാരം കൊടുത്ത ഉത്തരവ് 06-04-2022-ലെ റ്റി.ആർ.ഒ. 10/933/2022/ എച്ച്.എസ്/ഇ. ആകുന്നു.)

5) വിളക്കുടി മന്നം മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ 11 പേരുടെ 14-02-2022-ലെ നിയമനം 26-04-2022-ലെ ടി.ആർ.ഒ. 07/1690/2022/ആർ.ഡി.ഡി./എച്ച്.എസ്.ഇ. ഉത്തരവു പ്രകാരം അംഗീകരിച്ചു കൊടുത്തിട്ടുണ്ട്. (Ext P3).

13-03-2023-ലെ ബഹു. ഹൈക്കോടതി നിയമാംഗീകാരം കൊടുത്തിട്ടുള്ളത് സ്ഥിരനിയമനമായി പരിഗണിക്കുന്നതാണെന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ അവർക്കെല്ലാം ശമ്പളവും മുടങ്ങാതെ കിട്ടികൊണ്ടിരിക്കുന്നു.

9. എന്റെ 05-07-2021-ലെ നിയമനത്തിനു ശേഷം നടത്തിയ പല നിയമനങ്ങൾക്കും, 14-02-2022 ഉൾപ്പെടെ അംഗീകാരം കൊടുത്തിട്ടുള്ളതിന് അങ്ങയുടെ മുൻപാകെ തെളിവ് ഹാജരാക്കുന്നതിനു വേണ്ടി എന്റെ അച്ഛൻ ശ്രീ. ജി. ഗോപിനാഥൻ പിള്ള 26-06-2023-ൽ, 01-06-2021-നു ശേഷം എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കൻഡറി (ജൂനിയർ) വിഭാഗത്തിൽ നടത്തിയിട്ടുള്ള നേരിട്ടുള്ള നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ടോ? എന്നും ഉണ്ടെങ്കിൽ നിയമനം അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവുകളുടേയും പകർപ്പ് ആവശ്യപ്പെട്ടു വിവരാവകാശ നിയമ പ്രകാരം അപേക്ഷിച്ചു. (Ext P4). അതിന് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും 07-08-2023-ൽ കിട്ടിയ മറുപടിയിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്നാണ്. (Ext P5). 01-06-2021-നു ശേഷം നിയമനാംഗീകാരം കൊടുത്തിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉണ്ട്/ഇല്ല എന്ന മറുപടിപോലും തരുവാൻ തയ്യാറായില്ല.

"ക്രോഡീകരിച്ച്" എന്ന പ്രയോഗത്തിൽ നിന്നും വളരെ കൂടുതൽ നിയമനങ്ങൾക്ക് അംഗീകാരം

കൊടുത്തിട്ടുണ്ടെന്ന് വായിച്ചെടുക്കാവുന്നതാണ്. അതിനാൽ അങ്ങ് ഉത്തരവു നൽകി അംഗീകാര ഉത്തരവുകളുടെ റിപ്പോർട്ടു വരുത്തി ബോധ്യപ്പെടണമെന്നപേക്ഷിക്കുന്നു.

ഇൻഫർമേഷൻ ഓഫീസറുടെ 07-08-2023-ലെ മറുപടിക്കെതിരെ 23-08-2023-ൽ അപ്പീൽ ഫയൽ ചെയ്തെങ്കിലും മറുപടി തരാത്തതിൽ നിന്നും എന്റെ അറിവ് പൂർണ്ണമായും ശരിയാണെന്ന് ബോധ്യപ്പെട്ടുകയാണ്.

10. നമ്മളുടെ ഭരണഘടനയിലെ Art-14-ൽ "The state shall not deny to any person equally before the law or the equal protection of the laws within the territory of India" എന്നും ക്രമനമ്പർ (6)-ൽ "In the sphere of public employment, this means that any action taken by the employer against an employee must be fair just and reasonable which are the components of fair treatment."എന്നും "The cases held discriminatory" എന്ന തലക്കെട്ടിൽ 9-ാമതായി പറഞ്ഞിട്ടുള്ളതിൽ "Passing different orders in respect of persons similarly situated, more so in the same incident." (Ext P6).

ഒരേ ൂളിന്റെയും ഗവൺമെന്റ് ഉത്തരവിന്റെയും അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള നിയമനങ്ങളിൽ 05-07-2021-ൽ നടത്തിയ നിയമനം യഥാസമയം അംഗീകാരം തരാതിരിക്കുകയും പിന്നീട് നടന്ന ധാരാളം നിയമനങ്ങൾക്ക് അംഗീകാരം കൊടുത്തതുകൊണ്ട് എന്റെ നിയമനം 13-03-2023-ലെ ബഹു. ഹൈക്കോടതി വിധി വരുന്നതുവരെ വെച്ചു താമസിപ്പിച്ചിട്ട് നിരസിച്ചത് നാളിതുവരെ അംഗീകരിച്ച നിയമനങ്ങൾ സ്ഥിരപ്പെടുത്തുവാൻ 13-03-2023-ൽ ഉണ്ടായ വിധിയുടെ ആനുകൂല്യം കിട്ടാതെ പോയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ആർ.ഡി.ഡി.ക്കു മാത്രമാണ്. തന്മൂലം Art 14-ൽ പറയുന്ന equality before law, discriminatory, fair, reasonable and just എന്നീ concept-കളുടെ ലംഘനമാണ്. തന്മൂലം എനിക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടായിരിക്കുന്നു. പൊതുജനങ്ങളുടെ സങ്കടത്തിന് പരിഹാരം. ഉണ്ടാക്കി തരാനുള്ള ബാധ്യത ഗവൺമെന്റിനാണ്. അധ്യാപികയായ ഞാൻ പൊതുജനത്തിന്റെ പരിച്ഛേദമാണ്. അതിനാൽ ആർ.ഡി.ഡി. വരുത്തിയ തെറ്റു മൂലം ദുരിതം അനുഭവിക്കുന്ന എനിക്ക് 15-07-2021 മുതൽ നിയമനാംഗീകാരത്തിന് ഉത്തരവു നൽകി സങ്കട പരിഹാരം ഉണ്ടാക്കി തരണമെന്നപേക്ഷിക്കുന്നു.

11. 05-07-2021-ൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികയിൽ എന്നെ

നിയമിക്കുമ്പോൾ മൂന്ന് എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികയിൽ ഒഴിവുണ്ട്. അതിൽ നിയമനം നടത്തിയിട്ടുണ്ട്. നിയമപ്രകാരം അതിൽ രണ്ടെണ്ണം By transfer ആയി നിയമനം നടത്തേണ്ടതാണ്. അതോടെ By transfer ക്വോട്ടാ തീരുകയാണ്. 01-06-2022-ൽ ഒരു ജൂനിയർ തസ്തിക കൂടി ഒഴിവാകുന്നു. സെലക്ഷൻ കമ്മിറ്റി കൂടി അതിൽ നിയമനം നടത്തിയിട്ടില്ല. എന്നാൽ നിയമവിധേയമല്ലാതെ ടി ഒഴിവിൽ മാനേജർ By transfer നിയമനം നടത്തിയിട്ടുണ്ട്. മൊത്തത്തിൽ അഞ്ചു ജൂനിയർ തസ്തികകളിൽ നിയമിതരായ അഞ്ച് പേർ ജോലി ചെയ്യ വരുന്നു. അതിൽ ആദ്യ നിയമനം എന്റേതാണ്. റോസ്റ്റർ പ്രകാരം ഭിന്നശേഷി നിയമനത്തിന് വേണ്ടത് ഒരു തസ്തികയാണ്. അതിനാൽ ഒരാൾ "Excess Teacher" ആണ്. കെ.ഇ.ആർ. അദ്ധ്യായം XIV A-യിലെ റൂൾ 55 മാതൃകയായി സ്വീകരിച്ചാൽ ഏറ്റവും ജൂനിയർ ആയ അദ്ധ്യാപകൻ പുറത്ത് പോകണം. അങ്ങനെ വന്നാൽ 5-ാമതായി നിയമിക്കപ്പെട്ടതും, By direct ക്വാട്ടായിൽ നിയമിക്കേണ്ടതിനു പകരം അനധികൃതമായി By transfer ആയി 08-11-2021-നു ശേഷം ഉണ്ടായ ഒഴിവിൽ ഭിന്നശേഷി നിയമനം നടത്തി പ്രശ്നപരിഹാരം ഉണ്ടാക്കണമെന്ന് മാനേജർക്ക് നിർദ്ദേശം കൊടുത്ത് ഉത്തരവുണ്ടാകുന്നതോടൊപ്പം എന്റെ നിയമനം അംഗീകരിച്ച് ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു.

12. ബഹു. ഹൈക്കോടതിയുടെ W.A. No. 1445/2022 കേസിൽ ഡിവിഷൻ ബഞ്ച് 13-03-2023-ൽ പുറപ്പെടുവിച്ച വിധിയിലെ ഒന്നാമത്തെ നിർദ്ദേശം:-

"The Educational Officers in the state shall approve the appointments made in the vacancies earmarked for persons with disabilities that arose after 18-11-2018 and before 08-11-2021, which are otherwise in order provisionally treating the vacancies as temporary on condition that such approval would be valid only till the incumbents who are regularly appointed against those vacancies take charge and shall take necessary action for disbursement of the Pay and allowances due to them." (Ext P7)

എന്റെ നിയമനവും ഒഴിവും 08-11-2021-നു മുൻപാണ്. അതിനാൽ ഒഴിവ് താൽക്കാലികമാണെന്ന് കണക്കാക്കി ഭിന്നശേഷി നിയമനം നടത്തുന്നതുവരെ

താൽക്കാലികമായി ശമ്പളസ്കെയിലിൽ നിയമനാംഗീകാരം തരേണ്ടതായിട്ടുണ്ട്.

13. ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 13-03-2023-ലെ വിധിയുടെ അടിസ്ഥാനത്തിൽ 24-03-2023-ൽ സ.ഉ.(കൈ)നം. 29/2023/H.Edn മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അതിലെ 2(iii)-ൽ "മാനേജർ സബ് റീജിയണൽ/ സ്പെഷ്യൽ എംപ്ലോയ്മെന്റ് ഓഫീസർക്ക് അയച്ച ഭിന്നശേഷി ഉദ്യോഗാർഥിയെ ആവശ്യപ്പെട്ടുകൊണ്ടുള്ള Requisition Form-ന്റെ പകർപ്പ് ലഭ്യമായാൽ അക്കാര്യം ഉറപ്പുവരുത്തി കൊണ്ട് പ്രസ്തുത ഒഴിവിൽ നിയമിക്കപ്പെട്ടിരിക്കുന്ന ആളിന് താൽക്കാലിക നിയമനാംഗീകാരം നൽകേണ്ടതാണ്" എന്നാണ്. ഈ മാർഗ്ഗ നിർദ്ദേശം 13-03-2023-ലെ ബഹു. ഹൈക്കോടതി വിധിയോട് ചേർന്നു നിൽക്കുന്നതല്ലെന്നു തന്നെയല്ല മാനേജരുടെ കാരുണ്യത്തിന് നിയമനാർഥികൾ അനിശ്ചിതമായി കാത്തിരിക്കേണ്ട അവസ്ഥ സംജാതമാകുന്നതാണ്.

14. ഗവൺമെന്റിന്റെ 24-03-2023-ലെ നം. 29 ഉത്തരവിലെ മാർഗ്ഗനിർദ്ദേശം പാലിച്ച് Requisition Form സഹിതം സമർപ്പിക്കുവാൻ മാനേജർ തയ്യാറാകാതിരുന്നതിനാൽ താൽക്കാലികാംഗീകാരം കിട്ടാതെ വന്ന അഞ്ച് നിയമനാർഥികൾ ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത നം. 1693/2023 കോടതി അലക്ഷ്യ കേസ്സിൽ 16-08-2023-ൽ ഉണ്ടായ വിധിയിൽ "when the matter was taken up, the learned special Government pleader representing the respondents submitted, on instructions, that directions have already been issued by the Government to respondents 3 to 6 for approving the appointments of the petitioner provisionally".

Having, regard to the peculiar facts and circumstances of the case as also the fact that the judgement sought to be enforced was one rendered as early as on 13.03.2023, we direct respondents 3 to 6 to approve the appointment of the petitioners at any rate, before 25-08-2023 (Ext P8).

ഈ വിധിന്യായത്തിൽ നിന്നും മൂന്നു കാര്യങ്ങൾ വ്യക്തമാണ് :

(i) പരാതിക്കാരുടെ നിയമനം താൽക്കാലികമായി അംഗീകരിക്കുവാൻ നിർദ്ദേശം കൊടുത്തു

കഴിഞ്ഞുവെന്ന് ഗവ. പ്ലീഡർ കോടതിയെ അറിയിക്കുന്നു.

(ii) 13-03-2023-ലെ കോടതിവിധി നടപ്പാക്കേണ്ടതാണ്.

(iii) പരാതിക്കാരുടെ നിയമനം താൽക്കാലികമായി 25-08-2023 നകം അംഗീകാരം നൽകണം.

(iv) എന്റെ നിയമനത്തിനു ശേഷം 28-03-2022-ൽ ഈ സ്കൂളിൽ നിയമിതനായ ശ്രീ. മനാഫ് മുഹമ്മദ് (എച്ച്.എസ്.എസ്.റ്റി. - ജൂനിയർ കോമേഴ്സ്) 5-ാം പേരുകാരനായി 13 പേർ ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No. 31775/2023 കേസിൽ 09-10-2023-ൽ ഉണ്ടായ വിധിയിൽ :

"There will be an interim direction to provisionally approve the appointment of the petitioners; if they are otherwise eligible, orders shall be issued within three weeks."

എന്റെ നിയമനത്തിനു ശേഷമാണ് ശ്രീ. മനാഫ് മുഹമ്മദിനെ നിയമിച്ചത് ഞങ്ങൾ രണ്ട് പേരുടെയും നിയമനാംഗീകാരം തടയപ്പെട്ടിരിക്കുന്നത് ഭിന്നശേഷി നിയമനത്തിന്റെ പേരിലാണ്. ഒരേ നിയമസാഹചര്യത്തിൽപ്പെട്ട ഞങ്ങൾ രണ്ടു പേരിൽ ജൂനിയറായ ശ്രീ. മനാഫ് മുഹമ്മദിന്റെ നിയമനാംഗീകാരം മാനേജരുടെ Requisition form ഇല്ലാതെ തന്നെ കൊടുക്കുമ്പോൾ എനിക്ക് നിയമനാംഗീകാരം കിട്ടാതിരിക്കുന്നത് നീതീരിക്കത്തക്കതല്ല. Art 14-ന്റെ ലംഘനമായി തീരും.

15. ഭിന്നശേഷി നിയമനം സംബന്ധിച്ച് 13-03-2023-ൽ ഉണ്ടായ വിധിന്യായം ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെതാണ്. അതിനാലാണ് കോടതി അലക്ഷ്യ കേസും ഡിവിഷൻ ബഞ്ച് മുൻപാകെ എത്തുന്നത്. ഞാൻ ഹാജരാക്കിയിട്ടുള്ള Ext P8 വിധി പരിശോധിച്ചാൽ, ഫയൽ ചെയ്ത പെറ്റീഷൻ എ.ജി. ഓഫീസിൽ എത്തിയപ്പോൾ തന്നെ ബന്ധപ്പെട്ട ഗവൺമെന്റ് പ്ലീഡർ പരാതിക്കാരുടെ നിയമനം താൽക്കാലികമായി അംഗീകരിക്കുവാൻ നിർദ്ദേശം കൊടുത്തിട്ടു ബഹു. കോടതിയിൽ വിചാരണയ്ക്കായി കേസ് വന്നപ്പോൾ ചെയ്ത കാര്യം റിപ്പോർട്ടു ചെയ്യുകയാണുണ്ടായത്. അതിൽ നിന്നും ഭിന്നശേഷി നിയമനവും 13-03-2023-ലെ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ,

മാനേജർ Requisition form കൊടുക്കുവാൻ വിസമ്മതിച്ചാൽ തന്നെ, അംഗീകരിച്ച കൊടുക്കുവാൻ എ.ജി. നിർദ്ദേശിച്ചത് നിയമോപദേശമായി കണക്കാക്കേണ്ടതാണ്. കോടതിയലക്ഷ്യ കേസ്സിൽ ഡിവിഷൻ ബഞ്ചിൽ പരാതിക്കാർക്ക് അനുകൂലമായി വിധി ഉണ്ടായതിനാൽ WP(C) ഫയൽ ചെയ്താലും അനുകൂലമായ വിധി മാത്രമേ ഉണ്ടാകുകയുള്ളു.

07-10-2023-ലെ ജെ.ആർ.1/502/2023/പൊ.വി. കത്തിൽ നിരവധി കോടതി അലക്ഷ്യ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട് എന്നു പറയുന്നുണ്ട്. ഫയൽ ചെയ്തിട്ടുള്ള കേസ്സുകളിൽ പരാതിക്കാരുടെ ആവശ്യം അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവുകൾ കിട്ടിക്കൊണ്ടിരിക്കുന്നു. ഞാൻ പോയാലും താൽക്കാലികമായി എന്റെ നിയമനം അംഗീകരിച്ചു കിട്ടുന്നതിന് ബഹു. ഹൈക്കോടതി വിധി കിട്ടുമെന്നുറപ്പാണ്. സാമ്പത്തികമായി എന്നെ കൂടുതലായി ബുദ്ധിമുട്ടിക്കാമെന്നുമാത്രം. അതിനാൽ എന്റെ നിയമനം 15-07-2021 മുതൽ താൽക്കാലികമായി അംഗീകരിച്ച് തരുവാൻ ഉത്തരവ് ഉണ്ടാകണം.

16. 2001(2) KLT 273 ആയി റിപ്പോർട്ട് ചെയ്തിട്ടുള്ള ഡിവിഷൻ ബഞ്ചിന്റെ വിധിയിലെ ക്രമനമ്പർ 1-ൽ :

"We are of the view, when Court gives an interpretation to a particular provision, the Government and the Manager of aided schools are bound to follow the interpretation. Nobody can ignore the Court's interpretation of a rule on the plea that they were not parties to the judgement. The request of the appellant to consider the judgement of the Division Bench in Lakshmikutty Amma's case lacks bonafide. This is only an attempt to over reach the Principle laid down by the Division Bench". (Ext P 10).

ബഹുമാനപ്പെട്ട ഡിവിഷൻ ബഞ്ചിന്റെ ടി വിധിയിൽ എനിക്കും ബാധകമാക്കി ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

17.മേൽ പറഞ്ഞവയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവ മുൻഗണനാടിസ്ഥാനത്തിൽ പരിശോധിച്ച് അനുകൂല ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു.-

i) എന്റെ നിയമനാംഗീകാര പ്രപ്പോസൽ ആർ.ഡി.ഡി.യിൽ ഉണ്ടായിരിക്കെ പിന്നീടു നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് അംഗീകാരം കൊടുത്ത സ്ഥിതിക്ക് എനിക്കും 15-07-2021 മുതൽ നിയമനം അംഗീകരിച്ചു കിട്ടുവാൻ നടപടി ഉത്തരവ് ഉണ്ടാകുക.

ii) ആർ.ഡി.ഡി.യുടെ ഓഫീസിൽ നിന്നും Art 14-ന്റെ ലംഘനമുണ്ടായതു മൂലം നീതി നിഷേധിക്കപ്പെട്ടിരിക്കുന്ന എനിക്ക് സങ്കടപരിഹാർത്ഥം 15-07-2021 മുതൽ നിയമനാംഗീകാരം കിട്ടുവാൻ ആവശ്യമായ നടപടി ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു.

iii) എനിക്ക് നിയമനാംഗീകാരം തരുന്നില്ലെങ്കിൽ അതിനുണ്ടായ നിയമ തടസം എന്താണെന്നറിയുവാനുള്ള ജിജ്ഞാസ എനിക്കുണ്ട്. അതിനാൽ നിയമപരമായിട്ടുള്ള തടസം എന്താണെന്ന് ബോധ്യപ്പെടുത്തി തരണമെന്നപേക്ഷിക്കുന്നു.

iv) നിയമനാംഗീകാരം തരുന്നതിന് തടസം നിലനിൽക്കുന്നുവെങ്കിൽ W.A.No. 1445/2022 കേസ്സിൽ 13-03-2023-ൽ ഉണ്ടായ വിധിന്യായത്തിലെ നിർദ്ദേശങ്ങളിലെ ഒന്നിനെ അടിസ്ഥാനമാക്കി ഒഴിവ് താൽക്കാലികമായി കണക്കാക്കി ഭിന്നശേഷി നിയമനം നടപ്പാക്കുന്നതുവരെ താൽക്കാലികാംഗീകാരം തരുവാൻ നടപടി ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു.

3) മാനേജർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു :

WP(C)22349/2023-ലെ പരാതിക്കാരിയായ ശ്രീമതി. പാർവ്വതി കെ.ജി.യെ 05-07-2021 മുതൽ എച്ച്.എസ്.എസ്.റ്റി.(ഫിസിക്സ്) ജൂനിയറായി ശ്രീമതി. പ്രിയ എം.ആർ.നെ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.എസ്.റ്റി. സീനിയർ ആയി 01-06-2020 മുതൽ നിയമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ നിയമിക്കുകയുണ്ടായി. ശ്രീമതി. പ്രിയയുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചതിനാൽ വ്യവസ്ഥാപിതമായ ഒഴിവിലാണ് ശ്രീമതി. പാർവതി കെ.ജി.യുടെ 05-07-2021 മുതലുള്ള നിയമനം. ശ്രീമതി. പാർവതി കെ.ജി.യുടെ നിയമനാംഗീകാരത്തിനായുള്ള പ്രൊപ്പോസൽ അനുബന്ധരേഖകൾ സഹിതം റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ ഹയർ സെക്കൻഡറി വിഭാഗത്തിന് സമയബന്ധിതമായി സമർപ്പിച്ചെങ്കിലും ടി നിയമനാംഗീകാരം സംബന്ധിച്ച തീർപ്പ് ഉണ്ടാകാതിരുന്ന സാഹചര്യത്തിലാണ് ശ്രീമതി. പാർവതി കെ.ജി. തന്റെ നിയമനാംഗീകാരത്തിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളത്.

ശ്രീമതി. പാർവതി കെ.ജി. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത 22349/2023-ാം നമ്പർ റിട്ട് പെറ്റീഷൻ മുഖാന്തരം തന്റെ നിയമനം 05-07-2021 മുതൽ അംഗീകരിച്ച് ശമ്പളാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഉത്തരവാകണമെന്ന് അപേക്ഷിച്ചിരുന്നു. ശ്രീമതി. പാർവതി കെ.ജി. തന്റെ നിയമനം ഹയർ സെക്കൻഡറി റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ നിരസിച്ചതിനെതിരെ സർക്കാർ സമക്ഷം സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷയിൻമേൽ കൂടിക്കാഴ്ച നടത്തി നാല് മാസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കുന്നതിനാണ് ബഹു.ഹൈക്കോടതി 11-07-2023-ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. ശ്രീമതി. പാർവതി കെ.ജി.യെ 05-07-2021 മുതലുണ്ടായ വ്യവസ്ഥാപിതമായ ഒഴിവിൽ എച്ച്.എസ്.എസ്.ടി. (ഫിസിക്സ്) ജൂനിയർ തസ്തികയിൽ നിയമിച്ച് പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും രാജ്യമാകെ പടർന്നു പിടിച്ച കോവിഡ് മഹാമാരിയെ തുടർന്നുള്ള നിയമനങ്ങൾക്ക് 15-07-2021 മുതൽ പ്രാബല്യമുള്ളൂ എന്ന കാരണത്താൽ നിയമനപ്രൊപ്പോസൽ പുതുക്കി നൽകുന്നതിനുള്ള തിരുവനന്തപുരം ഹയർ സെക്കൻഡറി റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശപ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ റിട്ട് പെറ്റീഷനിൽ വ്യക്തമാക്കിയിട്ടുള്ള എക്സിബിറ്റ് പി.7 പ്രകാരം ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് നിരസിക്കപ്പെടുകയാണുണ്ടായത്.

ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 13-03-2023-ലെ Special Leave to Appeal (C) No.(S)9566/2023 ഇടക്കാല വിധിയിൽ നിലവിൽ നിയമിതരായ ഉദ്യോഗാർത്ഥികളെ പിരിച്ചുവിടരുതെന്നും നിലനിൽക്കുന്ന ഒഴിവുകളിലായി ഭിന്നശേഷി നിയമനം ക്രമീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ നിലനിൽക്കുന്നുണ്ട്. ഒരു സ്ഥാപനത്തെ ഒറ്റ യൂണിറ്റായി കണക്കാക്കി ആകെയുണ്ടായിട്ടുള്ള ഒഴിവുകളുടെ ആനുപാതികക്രമം പാലിച്ച് ബാക്ക് ലോഗ് ഒഴിവുകൾ നികത്തുന്നതിന് സംവരണക്രമം പാലിക്കുന്നതുൾപ്പെടെ നിലവിലെ കാറ്റഗറൈസ് ചെയ്ത് ഒഴിവുകൾ റോസ്റ്റർ തയ്യാറാക്കി മാറ്റി വയ്ക്കുന്ന രീതിക്കെതിരേയുള്ള കേസുകളും കോടതിയുടെ പരിഗണനയിലാണ്. അത്തരത്തിൽ ഹൈക്കോടതിതിൽ നിലനിൽക്കുന്ന I.A.No.1/2023 in W.P(C) 36659/2022(F) കേസിലെ 10-04-2023-ലെ വിധിയിൽ "not to compel the petitioners to effect appointment of differently abled persons in excess of the quota prescribed under the provisions of the right of

persons with disabilities Act, 2016 and the persons and disabilities (Equal opportunity, protection of rights and full participation) Act 1995 pending decision of the writ petition" എന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തന്നെ 15-09-2023-ലെ W.P(C) 30045/2022(E)-യിലെ വിധിന്യായം അനുസരിച്ച് റോസ്റ്റർ സമർപ്പിച്ചിട്ടില്ലായെന്ന കാരണത്താൽ ഭിന്നശേഷി സംവരണം നടത്തിയിട്ടില്ലാത്ത സ്ഥാപനത്തിൽ തുടർന്നു വരുന്ന അദ്ധ്യാപകരുടെ താൽക്കാലിക നിയമനാംഗീകാരം നൽകുന്നതിന് റോസ്റ്റർ തയ്യാറാക്കി നൽകണമെന്നോ മറ്റ് വ്യവസ്ഥകൾ പാലിക്കണമെന്നോ നിഷ്കർഷിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്.

മേൽ സാഹചര്യങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ഉത്തരവുകൾക്ക് അനുസൃതമായി ശ്രീമതി. പാർവതി കെ.ജി.യുടെ എച്ച്.എസ്.എസ്.റ്റി.(ഫിസിക്സ്) (ജൂനിയർ) തസ്തികയിലെ 05-07-2021 മുതലുള്ള വ്യവസ്ഥാപിതമായ ഒഴിവിലെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ച് സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുപ്പ് നടത്തിയ നിയമനത്തിന് താൽക്കാലിക അംഗീകാരം നൽകുന്നതിന് യാതൊരുവിധ നിയമതടസ്സവും നിലനിൽക്കുന്നില്ല. ആകയാൽ ശ്രീമതി.പാർവതി കെ.ജി.യുടെ നിയമനം അംഗീകരിച്ച് നൽകുന്നതിന് അനുകൂല ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

4) പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിഭാഗം) ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു :

ശ്രീമതി. പ്രിയ എം.ആർ.ന് എച്ച്.എസ്.എസ്.റ്റി ഫിസിക്സ് ആയി പ്രൊമോഷൻ നൽകിയത് മൂലം നിലവിൽ വന്ന ഒഴിവിലേക്ക് (Approval Order No.TRO-4/3426/2021/RDD/HSE Dated 13.07.2022) ശ്രീമതി. പാർവതി കെ.ജി.യെ ചാത്തിനാംകുളം എം.എസ്.എം.എച്ച്.എസ്.എസ്.ൽ 05/07/2021 മുതൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഫിസിക്സ് തസ്തികയിൽ മാനേജർ നിയമിച്ച് നിയമനാംഗീകാരത്തിനായി അപേക്ഷ തിരുവനന്തപുരം ആർ.ഡി.ഡി.യിൽ സമർപ്പിച്ചിരുന്നു. എന്നാൽ 2021-2022 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ക്ലാസ്സുകൾ 2021 നവംബർ 15-ാം തീയതി മുതൽ മാത്രമാണ് ആരംഭിച്ചതെന്നതിനാൽ 15/11/2021 തീയതി മുതൽ

ശ്രീമതി. പാർവതി കെ.ജി.ക്ക് നിയമനാംഗീകാരം നൽകുന്നതിനായി മാനേജർ നിയമനാംഗീകാര അപേക്ഷ ആർ.ഡി.ഡി.യിൽ പുനഃസമർപ്പിക്കുകയുണ്ടായി. ശ്രീമതി. പാർവതി കെ.ജി.യുടെ നിയമനം നേരിട്ടുള്ള നിയമനമായതിനാൽ ഭിന്നശേഷി സംവരണനിയമം സംബന്ധിച്ച കോടതിവിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന് അനുസൃതമായി, സമന്വയ പോർട്ടൽ മുഖാന്തരം മാനേജർ റോസ്റ്റർ സമർപ്പിക്കേണ്ടതും ആയത് മേഖലാ ഉപമേധാവി പരിശോധിച്ച് പ്രസ്തുത രേഖകൾ ശരിയായ വിധത്തിലാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ ചാത്തിനാംകുളം എം.എസ്.എം. എച്ച്.എസ്.എസ്.ലെ മാനേജർ സമന്വയ പോർട്ടൽ മുഖാന്തരം റോസ്റ്റർ സമർപ്പിച്ചിട്ടില്ല എന്നും പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഭിന്നശേഷി സംവരണത്തിനുള്ള റിക്വിസിഷൻ സമർപ്പിച്ചിട്ടില്ല എന്നും ആർ.ഡി.ഡി. റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽ നടപടികൾ മാനേജർ പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ശ്രീമതി. പാർവതി. കെ.ജി.യുടെ നിയമനാംഗീകാരം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന വിവരം ആർ.ഡി.ഡി. അറിയിച്ചിരിക്കുന്നു.

5) സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെ എച്ച്.എസ്.എസ്.ടി. ജൂനിയർ (ഫിസിക്സ്) തസ്തികയിലെ വ്യവസ്ഥാപിത ഒഴിവിലുള്ള നിയമനത്തിന് 15.07.2021 മുതൽ താൽക്കാലിക അംഗീകാരം നൽകി ഉത്തരവാകണമെന്നതാണ് ഹർജിയിലെ ആവശ്യം. ശ്രീമതി. പ്രിയ എം.ആർ.ന് എച്ച്.എസ്.എസ്.ടി. (ഫിസിക്സ്) ആയി പ്രൊമോഷൻ നൽകിയ ഒഴിവിൽ ഹർജിക്കാരിയെ 15.07.2021 മുതൽ എച്ച്.എസ്.എസ്.ടി. ജൂനിയർ (ഫിസിക്സ്) ആയി നിയമിക്കുകയും പ്രൊപ്പോസൽ ഹയർ സെക്കൻഡറി മേഖലാ ഉപമേധാവിക്ക് സമർപ്പിക്കുകയും ചെയ്തു. കോവിഡ് വ്യാപനത്തെ തുടർന്ന് നിയമന നിരോധനം നിലവിലിരുന്നതിനാലും 2021-22 വർഷത്തെ ഒന്നാം വർഷ ക്ലാസ്സുകൾ 2021 നവംബർ 15-ാം തീയതി മാത്രമേ ആരംഭിക്കൂ എന്നതിനാലും പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഹയർ സെക്കൻഡറി മേഖലാ ഉപമേധാവി നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 15.11.2021 തിയതി മുതൽ ടിയാരിക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള പ്രൊപ്പോസൽ മാനേജർ സമർപ്പിച്ചു. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് സമന്വയ പോർട്ടൽ മുഖാന്തരം റോസ്റ്റർ സമർപ്പിച്ചിട്ടില്ലാത്തതിനാലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള requisition slip സമർപ്പിച്ചിട്ടില്ലാത്തതിനാലും ടി നിയമന പ്രൊപ്പോസൽ നിരസിക്കപ്പെട്ടു. ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള വിവിധ കോടതി വിധികളുടെയും വിവിധ

സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമനം 15.07.2021 മുതൽ താൽക്കാലികമായി അംഗീകരിച്ചു നൽകാവുന്നതാണെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഹിയറിംങ് വേളയിൽ അഭിപ്രായപ്പെട്ടു.

6. മേൽ സാഹചര്യത്തിൽ, 06.07.2021-ലെ സ.ഉ.(ആർ.ടി)നം.3287/2021/പൊ.വി.വ, 24.03.2023-ലെ സ.ഉ.(എം.എസ്)നം.29/2023/പൊ.വി.വ, 01.11.2023-ലെ സർക്കാർ കത്ത് നം.ജെ.ആർ1/502/2023/പൊ.വി.വ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി, ശ്രീമതി. പാർവതി കെ.ജിയുടെ നിയമനം 15.07.2021 തീയതി മുതൽ പ്രൊവിഷണലായി അംഗീകരിച്ചു നൽകുന്നതിന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകി , ടിയാൾ സർക്കാരിൽ ഫയൽ ചെയ്ത പരാമർശം 1 പുന:പരിശോധനാ ഹർജി (Ext.P8) തീർപ്പാക്കി, അപ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REENA O

അണ്ടർ സെക്രട്ടറി

പകർപ്പ്: അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം.

മേഖല ഉപമേധാവി ഹയർ സെക്കൻഡറി വിഭാഗം, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

ശ്രീമതി. പാർവതി കെ.ജി, എച്ച്.എസ്.എസ്.ടി. ജൂനിയർ (ഫിസിക്സ്), എം.എസ്.എം. എച്ച്.എസ്.എസ്, ചാത്തിനാംകുളം, ചന്ദനത്തോപ്പ് പി .ഒ, കൊല്ലം

മാനേജർ, എം.എസ്.എം.എച്ച്.എസ്.എസ്, ചാത്തിനാംകുളം, ചന്ദനത്തോപ്പ് പി .ഒ, കൊല്ലം

പ്രിൻസിപ്പൽ, എം.എസ്.എം.എച്ച്.എസ്.എസ്, ചാത്തിനാംകുളം, ചന്ദനത്തോപ്പ് പി .ഒ, കൊല്ലം

സ.ഉ.(സാധാ) നം.**8204/2023/GEDN**

വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 23-12-2023 16:16:31

സെക്ഷൻ ഓഫീസർ